**ചീഫ് എഞ്ചിനീയറുടെ കാര്യാലയം,ജലസേചനവും ഭരണവും,തിരുവനന്തപുരം**

**ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം**

(ഹാജർ- ബിനോയ് ടോമി ജോർജ്)

വിഷയം :- ജലസേചന വകുപ്പ്- ജീവനക്കാര്യം- മികച്ച കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം - ജലസേചന വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. 14-03-2026 ലെ പൊതുഭരണ (സർവീസ്സ് – ഡി) വകുപ്പിന്റെ സ.ഉ.(കൈ)നം. 33/2026/GAD.
2. 31.03.2026 ലെ ശ്രീ.പ്രദീപ്.എൻ.പി.ന്റെ അപേക്ഷ.

**ഉത്തരവ് നം. CEIA/ 811 /2025-B3 തിയതി: 01-04-2026**

മികച്ച കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയ മേൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം അനുബന്ധത്തിലെ ക്രമനമ്പർ (1) സ്ഥാനക്കാരനായ ശ്രീ.പ്രദീപ്.എൻ.പി.. സജീവ കായിക രംഗത്ത് നിന്നും വിരമിച്ച എന്ന് പരാമർശം (2) പ്രകാരം രേഖാമൂലം അറിയിച്ചതിനാലും വകുപ്പിലെ ക്ലറിക്കൽ വിഭാഗത്തിൽ നിലവിൽ ഒഴിവുള്ളതിനാലും ടിയാനെ ജലസേചന വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് 26500-60700 എന്ന ശമ്പള സൂചികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ഉദ്യോഗാർത്ഥിയെ 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം 9 (എ) (I), പാർട്ട II പ്രകാരം ക്ലർക്ക് തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| Sl.No. | Name and Address of the Candidates | Discipline | Office to Which Posted |
|---|---|---|---|
| 1/1 | ശ്രീ.പ്രദീപ്.എൻ.പി. ബ്ലെസ്ഡ് ഹോം,കിഴുത്തള്ളി, താഴെചൊവ്വ,കണ്ണൂർ | ഫുട്ബോൾ | മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ,കണ്ണൂർ |

ഉദ്യോഗാർത്ഥി താഴെപ്പറയുന്ന രേഖകൾ ജോലിയിൽ പ്രവേശിക്കുന്ന കാര്യാലയത്തിലെ നിയന്ത്രണാധികാരി മുമ്പാകെ വെരിഫിക്കേഷനായി ഹാജരാക്കേണ്ടതാണ്.

1. നിയമന ഉത്തരവിന്റെ അസ്സലും, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും
2. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും
3. ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും
4. സാധുതയുള്ള, ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്/നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് (ബാധകമാണെങ്കിൽ) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം.
5. സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകിയ വിരലടയാളവും സാക്ഷ്യപ്പെടുത്തിയ ഫോട്ടോയും അടങ്ങിയ ശാരീരികക്ഷമതാ സർട്ടിഫിക്കറ്റ് (30/06/2011 തീയതിയിലെ ജി.ഒ. (പി) നം. 20/2011 പി &എ.ആർ. ഡി. പ്രകാരം)
6. അനുബന്ധം 1 (പോലീസ് വെരിഫിക്കേഷൻ ഫോറം)- 2 എണ്ണം 18/07/1974 തീയതിയിലെ ജി.ഒ. (എം.എസ്) നം. 170/1974/പി.ഡി. പ്രകാരം)

7. ഒറിജിനൽ ആധാർകാർഡ്/വോട്ടർമാർക്കുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ)
8. പാസ്പോർട്ട് സൈസ് ഫോട്ടോകൾ - 5 എണ്ണം
9. SPARK Form no. 1 ഉദ്യോഗാർത്ഥികൾ പൂരിപ്പിച്ച് നിയന്ത്രണ ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

ഉദ്യോഗാർത്ഥി മറ്റേതെങ്കിലും സർക്കാർ, അർദ്ധസർക്കാർ അനുബന്ധ സ്ഥാപനത്തിൽ സേവനം അനുഷ്ഠിക്കുന്ന ആളാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ മേലധികാരി നൽകിയിട്ടുള്ള വിടുതൽ സർട്ടിഫിക്കറ്റ് നിർബന്ധമായും ജോലിയിൽ പ്രവേശിക്കുമ്പോൾ ഹാജരാക്കേണ്ടതുണ്ട്. **ആയത് ജോലിയിൽ പ്രവേശിക്കുന്ന കാര്യാലയത്തിലെ നിയന്ത്രണ ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരാക്കിയാൽ മതിയാകും.** കൂടാതെ, ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന സമയത്ത്, 15.11.2016 ലെ ജി.ഒ.(പി) നം.171/2017/ഫിൻ ഉത്തരവിനോടനുബന്ധിച്ചുള്ള നിശ്ചിത മാതൃകയിൽ സ്ഥാവര ജംഗമ വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ നിയന്ത്രണ ഉദ്യോഗസ്ഥൻ മുൻപാകെ സമർപ്പിക്കേണ്ടതാണ്.

ഉദ്യോഗാർത്ഥി ഈ ഉത്തരവ് കൈപ്പറ്റുന്ന തീയതി മുതൽ 15 ദിവസത്തിനകം നിയമനം ലഭിച്ചിട്ടുള്ള കാര്യാലയത്തിന്റെ ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ മുൻപാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഉദ്യോഗാർത്ഥിക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കേണ്ടുന്ന പക്ഷം ആയതുകാണിച്ചുള്ള അപേക്ഷ ഈ ഉത്തരവ് കൈപ്പറ്റിയ ഉടൻ തന്നെ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതും ടി അപേക്ഷയുടെ പകർപ്പ് നിയമനം നൽകിയിട്ടുള്ള കാര്യാലയത്തിലെ നിയന്ത്രണ ഉദ്യോഗസ്ഥനു നൽകേണ്ടതുമാണ്.

സ്വഭാവത്തെയും പൂർവ്വചരിത്രത്തെയും കുറിച്ചുള്ള പോലീസ് അന്വേഷണത്തിന് വിധേയമായിട്ടായിരിക്കും ഉദ്യോഗാർത്ഥിയുടെ നിയമനം ക്രമവൽക്കരിക്കുന്നത്. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സേവനകാലയളവിനുള്ളിൽ രണ്ട് വർഷത്തെ പരിവീക്ഷാകാലം തൃപ്തികരമായി പൂർത്തിയാക്കേണ്ടതുണ്ട്.

ഉദ്യോഗാർത്ഥിയെ ജോലിയിൽപ്രവേശിപ്പിക്കുന്ന നിയന്ത്രണാധികാരി താഴെ പറയുന്ന നടപടിക്രമങ്ങൾ നിർബന്ധമായും കൈക്കൊള്ളേണ്ടതാണ്.

1. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പോലീസ് വെരിഫിക്കേഷൻ ഫോറം ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്.
2. 17/08/2021 ലെ ജി.ഒ. (പി) നം .118/2021/ഫിൻ പ്രകാരം ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഇ-സർവ്വീസ് ബുക്ക് ആരംഭിക്കേണ്ടതാണ്.
3. ഇ-സർവ്വീസ് ബുക്കിൽ ഉദ്യോഗാർത്ഥിയുടെ നിയമനം സംബന്ധിച്ച സംവരണ വിഭാഗത്തിലെ ഉപവിഭാഗം ഉൾപ്പെടെ നിയമന ശുപാർശയുടെയും നിയമന ഉത്തരവിന്റെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. (29.08.2016 ലെ ജി.ഒ. (പി) നം. 125/2016/ഫിൻ)
4. 15.11.2016 ലെ ജി.ഒ. (പി) നം. 171/2017/ഫിൻ ഉത്തരവിനോടനുബന്ധിച്ചുള്ള നിശ്ചിത മാതൃകയിൽ സ്ഥാവര ജംഗമ വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഉദ്യോഗാർത്ഥിയിൽ നിന്ന് കരസ്ഥമാക്കേണ്ടതും സേവന പുസ്തകത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. (ഇ-സർവ്വീസ് ബുക്ക് അല്ലാത്ത പക്ഷം സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ്)
5. ഉദ്യോഗാർത്ഥിയുടെ ഒപ്പും ഫോട്ടോയും ഔദ്യോഗിക രേഖകളുമായി പരിശോധിച്ച് ആ വിവരം ഇ-സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.
6. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ നാഷണൽ പെൻഷൻ സ്കീമിൽ (NPS)

അംഗമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. (07.01.2013 ലെ ജി.ഒ (പി) നം. 20/2013/ഫിൻ). സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുകയാണെങ്കിൽ ടിയാളുടെ ഓപ്ഷൻ പ്രകാരം നിയമാനുസൃത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

7. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച് നിശ്ചിത സമയത്തിനുള്ളിൽ ജനറൽ പ്രോവിഡന്റ് ഫണ്ട്, സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ്, മെഡിസെപ്പ് ഇവയിൽ അംഗമാകേണ്ടതാണ്.
8. ഉദ്യോഗാർത്ഥി മറ്റേതെങ്കിലും സർക്കാർ, അർദ്ധസർക്കാർ അല്ലെങ്കിൽ സർക്കാർ അനുബന്ധ സ്ഥാപനത്തിൽ സേവനം അനുഷ്ഠിക്കുന്ന ആളാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ മേലധികാരി നൽകിയിട്ടുള്ള വിടുതൽ സർട്ടിഫിക്കറ്റ് ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഉദ്യോഗാർത്ഥിയിൽ നിന്നും നിർബന്ധമായും വാങ്ങേണ്ടതാണ്.
9. ഉദ്യോഗാർത്ഥികളുടെ നിയമനം പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് നിയമന ശുപാർശയിലെ വ്യവസ്ഥകൾക്ക് ബാധകമായിരിക്കും.
10. നിയന്ത്രണാധികാരി ജോലിക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പും ഒത്തു നോക്കി ഈ നിയമന ഉത്തരവിനോടൊപ്പം അയക്കുന്ന ഉദ്യോഗാർത്ഥിയുടെ ഐഡെന്റിഫിക്കേഷൻ ഫോമിൽ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. (ഈ കാര്യാലയത്തിലെ 25/07/2022 ലെ A8-28109 (1)/2021/GL നമ്പർ സർക്കുലർ)

ജനനത്തീയതി സംബന്ധിച്ച എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ 20.12.1991 തീയതിയിലെ ജി.ഒ. (പി) നം. 45/91/പി.&എ.ആർ.ഡി. പ്രകാരം ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

*ഉദ്യോഗാർത്ഥി നിയമനം ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ ജോലിക്ക് ഹാജരാകാത്ത പക്ഷം, ടി വിവരം ഉദ്യോഗാർത്ഥിയുടെ ഐഡെന്റിഫിക്കേഷൻ ഫോം ഉൾപ്പെടെ Registered A/D തപാലിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.*

Digitally signed by
BINOY TOMY GEORGE
Date: 01-04-2026
16:28:49

**ചീഫ് എഞ്ചിനീയർ**

ബന്ധപ്പെട്ട ഉദ്യോഗാർത്ഥിക്ക് (രജിസ്റ്റേർഡ്/AD തപാൽ മുഖേന)

പകർപ്പ്:-

1. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുഭരണ (സർവീസ്സ്-ഡി) വകുപ്പ്.
2. 

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ,കണ്ണൂർ - (ബന്ധപ്പെട്ട ഉദ്യോഗാർത്ഥികളുടെ- ഐഡെന്റിഫിക്കേഷൻ ഫോം ഒറിജിനൽ സഹിതം) (രജിസ്റ്റേർഡ്/AD തപാൽ മുഖേന)- ഉദ്യോഗാർത്ഥി ഹാജരാക്കുന്ന നിയമനവുമായി ബന്ധപ്പെട്ട എല്ലാ അസ്സൽ രേഖകളും കൃത്യമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3. ഐ.റ്റി. സെൽ (വെബ്സൈറ്റ് പബ്ലിഷ് ചെയ്യുന്നതിന്) മേൽ പരാമർശം (1) ലെ സർക്കാർ ഉത്തരവ് സഹിതം)

4. ഓഫീസ് കോപ്പി.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

SAO
For further a/a.
CE 16/3/26

<u>സംഗ്രഹം</u>

കേരളത്തിൽ നിന്നുള്ള മുൻ അന്താരാഷ്ട്ര ഫുട്ബോൾ കായികതാരങ്ങളായ ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർക്ക്, ടിയാളുകളുടെ കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്

സ.ഉ.(കൈ) നം.33/2026/GAD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- 1. 18/02/2021 ലെ എസ്ഡി1/100/2018/ജിഎഡി വിജ്ഞാപനം.

2. ശ്രീ. പ്രദീപ് എൻ പി സമർപ്പിച്ച 24/02/2025 ലെ നിവേദനം.

3. ശ്രീ. അനസ് എടത്തൊടിക സമർപ്പിച്ച 24/02/2025 ലെ നിവേദനം.

4. ശ്രീ. റിനോ ആന്റോ സമർപ്പിച്ച 24/02/2025 ലെ നിവേദനം.

5. 11/09/2023 ലെ സ.ഉ.(കൈ) നം. 144/2023/ജിഎഡി

6. 06/03/2026 ലെ എസ്ഡി1/96/2023/ജിഎഡി പാർട്ട് (1) വിജ്ഞാപനം.

7. 06/03/2026 ലെ സ.ഉ.(അച്ചടി) നം. 6/2026/ജിഎഡി

<u>ഉത്തരവ്</u>

B

മുൻ ഇന്ത്യൻ സീനിയർ ഫുട്ബോൾ ടീം അംഗങ്ങളും വിവിധ അന്താരാഷ്ട്ര മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുള്ളതുമായ ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർ അന്താരാഷ്ട്ര തലത്തിലുള്ള തങ്ങളുടെ കായികനേട്ടങ്ങൾ പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം (2), (3), (4) എന്നിവ പ്രകാരം സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

A1 16/3/26

2. ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർ ഇന്ത്യയെ പ്രതിനിധീകരിച്ച് വിവിധ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവരാണ്. ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർ 2015 - 2019 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി പുറപ്പെടുവിച്ച പരാമർശം (1) വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നുവെങ്കിലും വിജ്ഞാപനത്തിലെ വ്യവസ്ഥകൾ

പ്രകാരം അപേക്ഷകൾ പരിഗണിക്കാൻ സാധിച്ചിരുന്നില്ല. ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ എന്നിവരുടെ പ്രധാന കായികനേട്ടങ്ങൾ 2018 ന് മുമ്പുള്ളതായതിനാൽ ടിയാളുകൾക്ക് 2020 - 2024 വർഷങ്ങളിലെ ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (6) വിജ്ഞാപനപ്രകാരം അപേക്ഷിക്കാനും സാധിക്കില്ല. ശ്രീ. അനസ് എടത്തൊടിക 2019 ലെ ഏഷ്യാ കപ്പിൽ പങ്കെടുത്തിട്ടുള്ളതിനാൽ ടിയാന് 2020 - 2024 വർഷങ്ങളിലെ ഒഴിവുകളിൽ നിയമനം ലഭിക്കാനർഹതയുണ്ട്. 2010 - 2014 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിച്ചിരുന്ന 41 ഒഴിവുകളിലേക്ക് അർഹരായ 41 കായികതാരങ്ങളെ ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് പരാമർശം (5) പ്രകാരം അനുമതി നൽകിയിരുന്നു. ടി ഉത്തരവ് പ്രകാരം നിയമനാനുമതി ലഭിച്ചതിൽ രണ്ട് കായികതാരങ്ങൾ ജോലിയിൽ പ്രവേശിച്ചിട്ടില്ല. അർഹരായ അപേക്ഷകരില്ലാത്തതിനാൽ ടി ഒഴിവുകളിൽ നാളിതുവരെ നിയമനം നൽകിയിട്ടുമില്ല.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇന്ത്യയെ പ്രതിനിധീകരിച്ച് വിവിധ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ, ശ്രീ. അനസ് എടത്തൊടിക എന്നിവരെ, ടിയാളുകളുടെ കായികരംഗത്തെ നേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച്, ചുവടെ ചേർക്കും പ്രകാരം, അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന വകുപ്പുകളിൽ, ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | തസ്തികയും ശമ്പളസ്കെയിലും | വകുപ്പ് |
|---|---|---|---|
| 1. | ശ്രീ. പ്രദീപ് എൻ പി<br>ബ്ലെസ്ഡ് ഹോം, കിഴുത്തള്ളി,<br>താഴെച്ചൊവ്വ, കണ്ണൂർ. | ക്ലാർക്ക്<br>(₹ 26500 - 60700) | ജലസേചന വകുപ്പ് |
| 2. | ശ്രീ. റിനോ ആന്റോ<br>കവലക്കാട്ട്, താഴേക്കാടൻ ഹൗസ്,<br>ജയ നഗർ, കാളത്തോട്, തൃശൂർ. | ക്ലാർക്ക്<br>(₹ 26500 - 60700) | രജിസ്ട്രേഷൻ വകുപ്പ് |
| 3. | ശ്രീ. അനസ് എടത്തൊടിക<br>പുതിയേടത്ത് ഹൗസ്, മുണ്ടപ്പാലം,<br>കൊണ്ടോട്ടി, മലപ്പുറം. | ക്ലാർക്ക്<br>(₹ 26500 - 60700) | പോലീസ് വകുപ്പ് |

4. ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ എന്നിവരുടെ നിയമനം 2010 - 2014 കാലയളവിൽ അർഹരായ അപേക്ഷകരില്ലാത്തതിനാൽ നികത്തപ്പെടാതെ ശേഷിക്കുന്ന രണ്ട് ഒഴിവുകളിൽ ഉൾപ്പെടുത്തിയും, ശ്രീ. അനസ് എടത്തൊടികയുടെ നിയമനം 2020 - 2024 വർഷങ്ങളിലെ ഒഴിവുകളിൽ നിന്നും 2020 ലെ ഒരു ഒഴിവ് കുറവ് വരുത്തി, പ്രസ്തുത ഒഴിവിൽ ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

5. ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ, ശ്രീ. അനസ് എടത്തൊടിക

എന്നിവരുടെ നിയമനം പരാമർശം (7) ഉത്തരവിലെ അപ്പെന്റിക്സിലെ ഖണ്ഡിക (13), (14) എന്നിവയിലെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

*"(13) The Rules in the Kerala State and Subordinate Service Rules, 1958 and the Special Rules in regard to age, probation etc., shall apply to the sports persons appointed under the scheme but the rules regarding reservation of appointments shall not apply.*

*(14) Rules regarding verification of character and antecedents shall apply in the case of candidates appointed under the scheme. The candidates allotted for appointment under the scheme shall be initially appointed temporarily under General Rules 9(a) (I) of part II of the Kerala State and Subordinate Service Rules, 1958 and regularized later after their character and antecedents have been verified and found to be satisfactory."*

6. ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (ഭരണം) ശ്രീ. പ്രദീപ് എൻ പി-യ്ക്കും, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ ശ്രീ. റിനോ ആന്റോ-യ്ക്കും, സംസ്ഥാന പോലീസ് മേധാവി ശ്രീ. അനസ് എടത്തൊടിക-യ്ക്കും ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ ആദ്യം ഉണ്ടാകുന്നതോ ആയ റെഗുലർ ഒഴിവിൽ നിയമനം നൽകേണ്ടതാണ്. ടിയാളുകളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് അനുവർത്തിക്കുന്നതുപോലെ സർട്ടിഫിക്കറ്റുകൾ / രേഖകൾ നിയമനാധികാരി പരിശോധിക്കേണ്ടതാണ്. ഈ ഉത്തരവ് നടപ്പിലാക്കിയ വിവരവും ബന്ധപ്പെട്ട വ്യക്തികൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ പ്രസ്തുത വിവരവും വകുപ്പുമേധാവികൾ യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. തുടർ പരിശോധനയിൽ ഈ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തിയാൽ ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

1. ശ്രീ. പ്രദീപ് എൻ പി, ബ്ലെസ്ഡ് ഹോം, കിഴുത്തള്ളി, താഴെച്ചൊവ്വ, കണ്ണൂർ.
2. ശ്രീ. റിനോ ആന്റോ, കവലക്കാട്ട്, താഴേക്കാടൻ ഹൗസ്, ജയനഗർ, കാളത്തോട്, തൃശൂർ.
3. ശ്രീ. അനസ് എടത്തൊടിക, പുതിയേടത്ത് ഹൗസ്, മുണ്ടപ്പാലം, കൊണ്ടോട്ടി, മലപ്പുറം.
4. ചീഫ് എഞ്ചിനീയർ (ഭരണം), ജലസേചന വകുപ്പ്, പബ്ലിക് ഓഫീസ് കോംപ്ലക്സ്, തിരുവനന്തപുരം.

5. ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്, വഞ്ചിയൂർ, തിരുവനന്തപുരം.
6. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
8. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
9. പൊതുഭരണ (എസ്.സി) വകുപ്പ്. ( 13/03/2026 ലെ ഇനം നമ്പർ 3935 പ്രകാരം)
10. ധനകാര്യ (വ്യയം-എ) വകുപ്പ്. (12/03/2026 ലെ EXP-A2/137/2026-FIN പ്രകാരം)
11. കായിക യുവജനകാര്യ (എ) വകുപ്പ്. (31/05/2026 ലെ എ2/69/2025/എസ്&വൈ.എ പ്രകാരം)
12. ജലവിഭവ (എ) വകുപ്പ്.
13. ആഭ്യന്തര (എൻ) വകുപ്പ്.
14. നികുതി (ഇ) വകുപ്പ്.
15. ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്. (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
16. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി1/36/2025/ജിഎഡി)

ഉത്തരവിൻ പ്രകാരം
Signed by
Badusha S
Date: 15-03-2026 11:34:31

സെക്ഷൻ ഓഫീസർ